# INDIAN SCHOOL AL WADI AL KABIR

## PRACTICE ASSESSMENT – TERM I: 2021- 22

## CLASS: X , MALAYALAM (012)

## മലയാളം

**Time allowed :1½ Hrs.** **Maximum Marks: 40**

അനുവദിച്ച സമയം :1½ മണിക്കൂർ ആകെ മാർക്ക് : 40

**General Instructions:** **Date: 15-11-2021**

**The question paper is divided into THREE sections:**

**Section A: Reading Comprehensions. (M.C.Q) - 8 Marks**

**Section B: Vocabulary Building & Grammar (M.C.Q) - 12 Marks**

**Section C: Literature (Prose, Poetry) (M.C.Q) - 20 Marks**

**Roll No.**

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |

## SECTION: A- READING - 8 MARKS

**I. a) താഴെക്കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ നൽകിയിട്ടുള്ള 5 ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം കണ്ടെത്തി എഴുതുക.**

**(ഓരോന്നിനും 1 മാർക്കു വീതം) (4x 1=4)**

ആധുനിക യുഗത്തിലെ ശക്തമായ കലാരൂപം സിനിമ തന്നെയാണ്. വിനോദ രൂപമെന്ന നിലയിലും വിമർശന രൂപമെന്ന നിലയിലും സിനിമ സമൂഹത്തെ സ്വാധീനിച്ചു കൊണ്ടിരിക്കുന്നു. 1896-ലാണ് സിനിമ ഭാരതത്തിൽ ആദ്യമായി പ്രദർശിപ്പിച്ചത്. 1913-ൽ പ്രദർശിപ്പിച്ച 'രാജാഹരിശ്ചന്ദ്ര'യാണ് ആദ്യത്തെ കഥാചിത്രം. ദാദാസാഹിബ് ഫാൽക്കെയായിരുന്നു അത് നിർമ്മിച്ചത്. ദേശീയതലത്തിൽ സിനിമയ്ക്കുള്ള ഏറ്റവും വലിയ അവാർഡ് അദ്ദേഹത്തിന്റെ പേരിലാണ്. 1955-ൽ സത്യജിത്ത് റേ 'പഥേർ പാഞ്ചാലി' എന്ന ചിത്രവുമായി വന്നതോടെ ഇന്ത്യൻ സിനിമയ്ക്ക് മറ്റൊരു മുഖം കൂടി വന്നു ചേർന്നു. 1954- ൽ ദേശീയതലത്തിൽ സിനിമയ്ക്ക് അവാർഡ് ഏർപ്പെടുത്തിയത് നല്ല സിനിമ

ഉണ്ടാകാൻ കാരണമായി. സിനിമ വലിയ വിദ്യാഭ്യാസോപാധി കൂടിയാണ്. കേട്ട് പഠിക്കുന്നതിനു പകരം കണ്ട് പഠിക്കുന്നതിനു കൂടി സിനിമ അവസരമൊരുക്കുന്നു. രക്തചംക്രമണ വ്യവസ്ഥയെക്കുറിച്ച് വാൾട്ട് ഡിസ്നി നിർമ്മിച്ച ചിത്രമാണ് ലോകത്തിലെ പ്രഥമ ബോധനചിത്രം. സമൂഹത്തെ ബോധവൽക്കരിക്കുന്നതിൽ ഡോക്യുമെന്ററികൾക്കുള്ള പ്രാധാന്യം വളരെ വലുതാണ്. പാരിസ്ഥിതിക ചൂഷണത്തിനെതിരെ ആനന്ദ് പട്വർധൻ നിർമ്മിച്ചിട്ടുള്ള ഡോക്യുമെന്ററി കണ്ടാൽ സമൂഹവും സിനിമയും തമ്മിലുള്ള ബന്ധം മനസ്സിലാക്കുവാൻ കഴിയും.

**<u>ചോദ്യങ്ങൾ</u>**

1) ഭാരതത്തിലെ ആദ്യത്തെ കഥാചിത്രം ഏതാണ്?

a) പഥേർ പാഞ്ചാലി

b) പഞ്ചതന്ത്രം

c) കഥാസരിത് സാഗരം

d) രാജാഹരിശ്ചന്ദ്ര

2) രക്തചംക്രമണ വ്യവസ്ഥയെക്കുറിച്ച് വാൾട്ട് ഡിസ്നി നിർമ്മിച്ച ചിത്രത്തിന്റെ പ്രത്യേകതയെന്ത്?

a) ലോകത്തിലെ പ്രഥമ ബോധനചിത്രം

b) ലോകത്തിലെ പ്രഥമ കഥാചിത്രം

c) ലോകത്തിലെ പ്രഥമ ചിത്രം

d) ലോകത്തിലെ പ്രഥമ ശബ്ദചിത്രം

3) 'പഥേർ പാഞ്ചാലി' എന്ന ചിത്രത്തിലൂടെ ഇന്ത്യൻ സിനിമയ്ക്ക് മറ്റൊരു മുഖം നൽകിയതാര് ?

a) വാൾട്ട് ഡിസ്നി

b) ദാദാസാഹിബ് ഫാൽക്കെ

c) സത്യജിത്ത് റേ

d) ആനന്ദ് പട്വർധൻ

4) ഡോക്യുമെന്ററികൾക്ക് വളരെ പ്രാധാന്യം ഉള്ളത് ഏത് കാര്യത്തിലാണ്?

a) പാരിസ്ഥിതിക ചൂഷണത്തിൽ

b) വിദ്യാഭ്യാസത്തിൽ

c) ദേശീയതലത്തിൽ

d) സമൂഹത്തെ ബോധവൽക്കരിക്കുന്നതിൽ

5) ദേശീയതലത്തിൽ സിനിമയ്ക്കുള്ള ഏറ്റവും വലിയ അവാർഡ് ആരുടെ പേരിലാണ്?

a) സത്യജിത്ത് റേ

b) ഡേവിഡ് മെലിഞ്ഞ

c) ആനന്ദ് പട്വർധൻ

d) ദാദാ സാഹിബ് ഫാൽക്കെ

**b) താഴെക്കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള 5 ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം കണ്ടെത്തി എഴുതുക.**

**(ഓരോന്നിനും 1 മാർക്കു വീതം) (4x 1=4)**

ദാർശനിക കൃതികൾ എന്ന നിലയിൽ സുകുമാർ അഴീക്കോട് രചിച്ച രണ്ട് ഉൽകൃഷ്ട ഗ്രന്ഥങ്ങളാണ് 'മഹാത്മാവിന്റെ മാർഗവും' 'തത്ത്വമസി'യും. ആദ്യത്തേത് ഗാന്ധിജിയുടെ ആദർശങ്ങളെ മുൻനിർത്തി എഴുതിയിട്ടുള്ളതും രണ്ടാമത്തേത് ഉപനിഷദ് പഠനവുമാണ്. സൂക്ഷ്മമായ വിശകലനത്തിൽ ഇവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഗാന്ധിജിയുടെ ആദർശങ്ങൾക്ക് അടിത്തറയായി വർത്തിക്കുന്നത് ഭാരതീയ തത്ത്വചിന്തയാണ്. ഉപനിഷത്ത് അതിൽ പ്രാധാന്യമർഹിക്കുന്നു. ഭാരതീയ തത്ത്വചിന്തയും ഗാന്ധിയൻ ആദർശങ്ങളും ഒരു പോലെ ആയതുകൊണ്ടാണ് അവയുടെ സമന്വയം സാധ്യമായത്. മഹാത്മാഗാന്ധി ധിഷണാശാലിയായ ഒരു പണ്ഡിതനായിരുന്നില്ല. എന്നാൽ ഭാരതീയ തത്ത്വചിന്തയുടെ അന്തസ്സത്ത പ്രതിഫലിക്കുന്ന ദർശനങ്ങൾ ഉയർത്തിക്കൊണ്ട് വരുന്നതിലും അവ പ്രയോഗത്തിൽ വരുത്തുന്നതിലും അദ്ദേഹം അദ്വിതീയനായിരുന്നു. അങ്ങനെ അഗാധമായ ഉൾക്കാഴ്ചയും ജീവിത ദർശനവും

ഗാന്ധിജി ലോകത്തിന് സമ്മാനിച്ചു. ഉൽക്കടമായ മനുഷ്യസ്നേഹം കൊണ്ട് മാനവരാശിയിൽ ഉറങ്ങിക്കിടന്ന നന്മയെ ഉണർത്തുകയായിരുന്നു അദ്ദേഹം ചെയ്തത്. സാരഗ്രാഹിയായ നിരൂപകന്റെ വൈദഗ്ധ്യത്തോടെ ആ വിശാലലോകം ഒരു ചിമിഴിലൊതുക്കി അഴീക്കോട് നമുക്ക് കാണിച്ചു തരുന്നു.

**ചോദ്യങ്ങൾ**

6) തത്ത്വമസിയുടെ പ്രതിപാദ്യം എന്താണ് ?

   a) ഇതിഹാസം പഠനം

   b) ഉപനിഷദ് പഠനം

   c) ഗാന്ധിയൻ പഠനം

   d) സാഹിത്യപഠനം

7) മാനവരാശിയിൽ ഉറങ്ങിക്കിടന്ന നന്മയെ ഗാന്ധിജി ഉണർത്തിയത് എങ്ങനെ ?

   a) അഹിംസ കൊണ്ട്

   b) യുക്തിചിന്ത കൊണ്ട്

   c) ഉൽക്കടമായ മനുഷ്യ സ്നേഹം കൊണ്ട്

   d) പ്രഭാഷണം കൊണ്ട്

8) ഗാന്ധിജിയുടെ ആദർശങ്ങൾക്ക് അടിത്തറയായി വർത്തിക്കുന്നത് എന്താണ് ?

   a) ആധുനിക വിദ്യാഭ്യാസം

   b) അനുഭവ പാഠങ്ങൾ

   c) രാഷ്ട്രീയ വിദ്യാഭ്യാസം

   d) ഭാരതീയ തത്ത്വചിന്ത

9) ഗാന്ധിജിയുടെ ആദർശങ്ങളെ മുൻനിർത്തി സുകുമാർ അഴീക്കോട് രചിച്ച ഗ്രന്ഥമേത് ?

   a) മഹാത്മാവിന്റെ മാർഗം

   b) തത്ത്വമസി

   c) ഗുരുസാഗരം

   d) യതിചര്യ

10) ഭാരതീയ തത്ത്വചിന്തയുടെയും ഗാന്ധിയൻ ആദർശങ്ങളുടെയും സമന്വയം സാധ്യമായത് എന്തു കൊണ്ടാണ് ?

a) അവ വ്യത്യസ്തമായതുകൊണ്ട്

b) രണ്ടും പൗരാണികമായതുകൊണ്ട്

c) അവ ഒരു പോലെ ആയതുകൊണ്ട്

d) രണ്ടും സാങ്കല്പികമായതുകൊണ്ട്

## SECTION: B - VOCABULARY & GRAMMAR – 12 MARKS

**II. a) 11 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക (4x 1=4)**

11) 'വെള്ളായിയപ്പൻ മകനെ ഓർത്തു' ഈ വാക്യത്തിന്റെ പ്രയോഗം മാറ്റിയ ശരിയായ രൂപം ഏതാണ്?

a) വെള്ളായിയപ്പൻ മകനാൽ ഓർക്കപ്പെട്ടു.

b) വെള്ളായിപ്പനെ മകൻ ഓർത്തു.

c) മകൻ വെള്ളായിയപ്പനാൽ ഓർക്കപ്പെട്ടു.

d) വെള്ളായിയപ്പൻ മകനെ ഓർക്കപ്പെട്ടു.

12) വിധിവാക്യത്തെ അർത്ഥവ്യത്യാസം വരാതെ നിഷേധവാക്യം ആക്കുക:

'സ്വന്തം ജീവിതത്തിൽനിന്ന് ഒരു ഭാഗം തന്നെ ആരോ പറിച്ചുമാറ്റുന്നതു പോലെ അയാൾക്ക് തോന്നി.'

a) സ്വന്തം ജീവിതത്തിൽനിന്ന് ഒരു ഭാഗം തന്നെ ആരോ പറിച്ചുമാറ്റുന്നതു പോലെ അയാൾക്ക് തോന്നിയില്ല.

b) സ്വന്തം ജീവിതത്തിൽനിന്ന് ഒരു ഭാഗം തന്നെ ആരോ പറിച്ചുമാറ്റുന്നതു പോലെ അയാൾക്ക് തോന്നുന്നില്ല.

c) സ്വന്തം ജീവിതത്തിൽനിന്ന് ഒരു ഭാഗം തന്നെ ആരോ പറിച്ചുമാറ്റുന്നതു പോലെ അയാൾക്ക് തോന്നാതിരുന്നില്ല.

d) സ്വന്തം ജീവിതത്തിൽനിന്ന് ഒരു ഭാഗം തന്നെ ആരോ പറിച്ചുമാറ്റുന്നതു പോലെ അയാൾക്ക് തോന്നുകയില്ല.

13) 'വെള്ളായിയപ്പൻ യാത്രപുറപ്പെടുമ്പോൾ വീട്ടിൽനിന്ന് കൂട്ടനിലവിളി ഉയർന്നു.' ഈ വാക്യത്തിന്റെ അർത്ഥം മാറാതെയുള്ള ശരിയായ നിഷേധരൂപം ഏത് ?

a) വെള്ളായിയപ്പൻ യാത്രപുറപ്പെടുമ്പോൾ വീട്ടിൽനിന്ന് കൂട്ടനിലവിളി ഉയരില്ല.

b) വെള്ളായിയപ്പൻ യാത്രപുറപ്പെടുമ്പോൾ വീട്ടിൽനിന്ന് കൂട്ടനിലവിളി ഉയർന്നില്ല.

c) വെള്ളായിയപ്പൻ യാത്രപുറപ്പെടുമ്പോൾ വീട്ടിൽനിന്ന് കൂട്ടനിലവിളി ഉയർന്നതേയില്ല.

d) വെള്ളായിയപ്പൻ യാത്രപുറപ്പെടുമ്പോൾ വീട്ടിൽനിന്ന് കൂട്ടനിലവിളി ഉയരാതിരുന്നില്ല.

14) 'അലോസരത്തോടെ മത്തായിയാൽ അയാൾ നോക്കപ്പെട്ടു.' ഈ വാക്യത്തിന്റെ പ്രയോഗം മാറ്റിയ ശരിയായ രൂപമെന്ത്?

a) മത്തായി അലോസരത്തോടെ അയാളെ നോക്കി.

b) അലോസരത്തോടെ അയാളെ മത്തായിയാൽ നോക്കപ്പെട്ടു.

c) മത്തായിയാൽ അലോസരത്തോടെ ആയാളെ നോക്കപ്പെട്ടു.

d) അയാളാൽ മത്തായി അലോസരത്തോടെ നോക്കപ്പെട്ടു.

15) 'അളവുകൾ തെറ്റിച്ച് അയാൾ ഉടുപ്പുകൾ തുന്നി.' പ്രയോഗം മാറ്റിയ ശരിയായ രൂപം എടുത്തെഴുതുക.

a) അളവുകൾ തെറ്റിക്കപ്പെട്ട് അയാൾ ഉടുപ്പുകൾ തുന്നപ്പെട്ടു.

b) അളവുകൾ തെറ്റിച്ച് ഉടുപ്പുകൾ അയാളാൽ തുന്നപ്പെട്ടു.

c) അളവുകൾ തെറ്റിക്കപ്പെട്ട് അയാൾ ഉടുപ്പുകൾ തുന്നി.

d) അളവുകൾ തെറ്റിച്ച് അയാളാൽ ഉടുപ്പുകൾ തുന്നി.

16) 'പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി' ഈ വാക്യത്തിന്റെ അർത്ഥവ്യത്യാസം വരാതെയുള്ള ശരിയായ നിഷേധരൂപം ഏതാണ് ?

a) പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവില്ലാത്തതായി.

b) പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായില്ല.

c) പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതാകാതിരുന്നില്ല.

d) പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായിരിക്കില്ല.

**b). താഴെ കൊടുത്തിട്ടുള്ള 10 ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ശരിയുത്തരങ്ങൾ കണ്ടെത്തി എഴുതുക (8x 1=8)**

17. 'സന്ന്യാസി' എന്ന പദത്തിന്റെ എതിർലിംഗം എന്താണ് ?

a) സന്ന്യാസ  b) സന്ന്യാസിനി

c) സന്ന്യാസർ  d) സന്ന്യാസികൾ

18. 'വെയിൽ' എന്ന പദത്തിന്റെ പര്യായപദം ഏത് ?

a) വാസരം  b) ലലാടം

c) ജാലകം  d) ആതപം

19. 'വിഷാദം' എന്നതിന്റെ വിപരീതപദം ഏത് ?

a) നിഷാദം  b) പ്രസന്നം

c) സുഷാദം  d) നിയോഗം.

20. 'ദീനം – ദിനം' എന്നീ പദങ്ങളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നവയിൽ ഏതാണ് ?

a) രോഗം - ദിവസം  b) ജോലി - നികുതി

c) നിന്റെ - മറവി  d) കിനാവ് - ദു:ഖം

21. 'അന്യജീവൻ' എന്ന സമസ്തപദത്തിന്റെ ശരിയായ വിഗ്രഹാർത്ഥമേത് ?

a) അന്യമായ ജീവൻ  b) അന്യനുള്ള ജീവൻ

c) അന്യനിലെ ജീവൻ  d) അന്യന്റെ ജീവൻ

22. 'പൂരം' എന്നതിന്റെ നാനാർത്ഥപദമല്ലാത്തത് ഏത് ?

a) കൂട്ടം  b) സാരം

c) ഉത്സവം  d) നക്ഷത്രം

23. 'സഖി' എന്നതിന്റെ പര്യായപദമല്ലാത്തത് ഏതാണ് ?

a) ആളി  b) നീഹാരം

c) തോഴി  d) വയസ്യ

24. 'മോക്ഷം ആഗ്രഹിക്കുന്ന ആൾ' എന്നതിന്റെ ഒറ്റപ്പദം ഏതാണ് ?

a) മോക്ഷവാൻ b) മോക്ഷജൻ

c) മോക്ഷവതി d) മോക്ഷാർത്ഥി

25. 'അപ്പുറം' എന്ന പദത്തിന്റെ ശരിയായ പിരിച്ചെഴുത്ത് ഏതാണ് ?

a) അത് + പുറം b) ആ + പുറം

c) അ + പുറം d) അ + പ്പുറം

26. തന്നിരിയ്ക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക

a) ആമ്രേഡിതം b) ആമ്രേഢിതം

c) ആമ്രേടിതം d) ആമ്രേഠിതം

## SECTION: C - 20 MARKS

**III.(a). തന്നിരിക്കുന്ന 12 ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് ശരിയുത്തര-ങ്ങൾ തിരഞ്ഞെടുത്തെഴുതുക (ഓരോന്നിനും 1 മാർക്കു വീതം) (10x1=10)**

27. 'നിന്നാലസാധ്യമായില്ലൊരു കർമ്മവും' ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത് ?

a) ഭരതനെക്കുറിച്ച് b) ലക്ഷ്മണനെക്കുറിച്ച്

c) ശ്രീരാമനെക്കുറിച്ച് d) ദശരഥനെക്കുറിച്ച്

28. ആരാണ് 'അന്യജീവനുതകി സ്വജീവിതം ധന്യമാക്കു'ന്നത് ?

a) ശരീരികൾ b) അമലകൾ

c) വിവേകികൾ d) അന്യർ

29. കാലമാകുന്ന പാമ്പിന്റെ വായിൽ അകപ്പെട്ട ലോകം ചഞ്ചലമായ മനസ്സോടു കൂടി എന്തിനെയാണ് തേടുന്നത്?

a) മോക്ഷത്തെ b) ആയുസ്സിനെ

c) ഭോഗങ്ങളെ d) ഭക്ഷണത്തെ

30. "പണ്ടുനിന്നെയൊരിളം കുരുന്നതായ് കണ്ടു ഞാൻ
സപദി വല്ലിയായി നീ!" ഇവിടെ വല്ലി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത് ?

a) ദു:ഖിത b) സന്യാസിനി

c) യുവതി d) കാമുകി

31. എഴുത്തച്ഛൻ കൃതികളിലെ മുഖ്യ രസം ഏത് ?

a) ഭക്തി b) ശൃംഗാരം

c) ഹാസ്യം d) കരുണ

32. നളിനിയുടെ പ്രണയത്തെ ദിവാകരൻ നോക്കിക്കാണുന്നത് ഏത് വിധത്തിലാണ് ?

a) നേരമ്പോക്കായി b) ആദർശപ്രേമമായി

c) കൗതുകമായി d) ചാപല്യമായി

33. ശ്രീരാമൻ 'സൗമിത്രേ' എന്ന് സംബോധന ചെയ്യുന്നത് ആരെയാണ് ?

a) സുമിത്രയെ b) ഭരതനെ

c) ലക്ഷ്മണനെ d) കൈകേയിയെ

34. . ഭക്തിയിലൂടെ ഒരു ജനതയെ പരിവർത്തിപ്പിക്കുക എന്ന ചരിത്രദൗത്യം നിർവഹിച്ച കവി ആര് ?

a) കുമാരനാശാൻ b) എഴുത്തച്ഛൻ

c) ഉള്ളൂർ d) വയലാർ

35. "പൂരിതാഭയൊടുഷസിൽ മഞ്ഞുതൻ ധാരയാർന്ന പനിനീർസുമോപമം." എന്തിനെയാണ് ഇവിടെ കവി വർണ്ണിക്കുന്നത് ?

a) നളിനിയുടെ വസ്ത്രത്തെ b) നളിനിയുടെ പുഞ്ചിരിയെ

c) നളിനിയുടെ മുഖത്തെ d) നളിനിയുടെ വീടിനെ

36. അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ ഏത് കാണ്ഡത്തിൽ നിന്ന് എടുത്തതാണ് 'ലക്ഷ്മണസാന്ത്വനം' ?

a) യുദ്ധകാണ്ഡം b) അയോദ്ധ്യാകാണ്ഡം

c) ആരണ്യകാണ്ഡം d) സുന്ദരകാണ്ഡം

37. കുമാരനാശാൻ പത്രാധിപരായിരുന്ന മാസിക ഏത് ?

a) വിവേകോദയം b) കവനകൗമുദി

c) വിജ്ഞാനദീപിക d) ഭാഷാപോഷിണി

38. ഏത് രാജകുമാരനിൽ നിന്നാണ് കുമാരനാശാന് പട്ടും വളയും ലഭിച്ചത് ?

a ) ചാൾസ് രാജകുമാരൻ  b) വില്യം രാജകുമാരൻ

c ) വെയിൽസ് രാജകുമാരൻ  d) ലൂയിസ് രാജകുമാരൻ

**(b). തന്നിരിക്കുന്ന 12 ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന്റെ ശരിയുത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക (ഓരോന്നിനും 1 മാർക്കു വീതം)**

**(10 x 1=10)**

39. താഴെ തന്നിരിക്കുന്നവയിൽ ഒ.വി.വിജയന്റേതല്ലാത്ത കൃതിയേത് ?

a ) മധുരം ഗായതി  b) ഖസാക്കിന്റെ ഇതിഹാസം

c ) കാറ്റ് പറഞ്ഞ കഥ  d) അന്ധകാരനഴി

40. 'സ്വന്തം ജീവിതത്തിൽ നിന്ന് ഒരു ഭാഗം തന്നെ ആരോ പറിച്ചുമാറ്റുന്നതു പോലെ അയാൾക്ക് തോന്നി.' എപ്പോഴാണ് അങ്ങനെ തോന്നിയത് ?

a ) മകന് രോഗം വന്നപ്പോൾ  b) മകൻ മരിച്ചപ്പോൾ

c ) റേഡിയോ പണയം വച്ചപ്പോൾ  d) കണ്ടുണ്ണിയെ തൂക്കിലേറ്റിയപ്പോൾ

41. "വെള്ളായീ, ഈ യാത്രയിൽ അതിനെക്കുറിച്ച് ഓർക്കരുത്" ഏതിനെപ്പറ്റി ഓർക്കരുതെന്നാണ് പറയുന്നത് ?

a ) മകന്റെ വിധിയെപ്പറ്റി

b) കടം തിരികെ കൊടുക്കാനുള്ളതിനെപ്പറ്റി

c ) പാഴുതറയെപ്പറ്റി

d) കോടച്ചിയെപ്പറ്റി

42. "പെര്ന്നാളിന്റെ തെരക്കില് തെറ്റീതാവും മൂപ്പരേ." എന്തിനെക്കുറിച്ചാണ് ഇവിടെ പറയുന്നത് ?

a ) റേഡിയോ തിരിച്ചെടുക്കാത്തതിനെക്കുറിച്ച്

b) പലിശ താമസിച്ചതിനെക്കുറിച്ച്

c ) തയ്ച്ച തുണിയുടെ അളവ് തെറ്റിയതിനെക്കുറിച്ച്

d) കുഞ്ഞിന് അസുഖം കൂടിയതിനെക്കുറിച്ച്

43. ഇ.സന്തോഷ് കുമാർ രചിച്ച ബാലസാഹിത്യകൃതി ഏത് ?

a) ഗാലപ്പഗോസ് b) കാക്കരദേശത്തെ ഉറുമ്പുകൾ

c) മൂന്നു വിരലുകൾ d) ചാവുകളി

44. 'കടൽത്തീരത്ത്' എന്ന കഥയിൽ നിസ്സഹായന്റെ നിലവിളിയായി മാറുന്നത് എന്ത് ?

a) കാക്കക്കരച്ചിൽ b) ഉന്തുവണ്ടി

c) പൊതിച്ചോറ് d) കരിമ്പനപ്പട്ടകളിലെ കാറ്റ്

45. "ആ നേരം വല്ല പണീം എടുത്താല് നാല് കാശ്ണ്ടാക്കാം" ആരുടെ വാക്കുകളാണിത് ?

a) ചാക്കുണ്ണിയുടെ b) കുഞ്ഞനത്തിന്റെ

c) മരയ്ക്കാരുടെ d) ചെമ്പുമത്തായിയുടെ

46. "അത് വധശിക്ഷയുടെ ചടങ്ങാണെന്ന് വെള്ളായിയപ്പൻ അറിഞ്ഞിരുന്നില്ല." ഏത് ?

a) കൊമ്പുവിളികൾ മുഴങ്ങിയത് b) മണിയൊച്ച കേട്ടത്

c) ശംഖനാദം കേട്ടത് d) അലാറം മുഴങ്ങിയത്

47. "ആറാട്ടുകുന്നിന്റെ ചരിത്രത്തിൽ ഒരു സംഭവം തന്നെയായിരുന്നു അത്" ഏത്?

a) ചാക്കുണ്ണി ബീഡിവലി നിർത്തിയത്

b) ചാക്കുണ്ണി റേഡിയോ വാങ്ങിയത്

c) കണ്ടക്ടർ സുകു യാത്രാക്കൂലി വാങ്ങാതിരുന്നത്

d) ചെമ്പുമത്തായി റേഡിയോ പണയമായി സ്വീകരിച്ചത്

48. "പടച്ചവൻ തുണയ്ക്കട്ടെ, മുത്തുനബി തുണയ്ക്കട്ടെ, നിന്റെയും എന്റെയും ദൈവങ്ങൾ തുണയ്ക്കട്ടെ" ആരുടേതാണീ വാക്കുകൾ ?

a) നീലിമണ്ണാത്തിയുടെ b) വെള്ളായിയപ്പന്റെ

c) മരയ്ക്കാരുടെ d) പാറാവുകാരന്റെ

49. 'കടൽത്തീരത്ത്' എന്ന കൃതി ഏതു സാഹിത്യവിഭാഗത്തിൽപ്പെടുന്നു ?

a) നോവൽ b) ലേഖനം

c) ജീവചരിത്രം d) ചെറുകഥ

50. "ചുറ്റുപാടുമുള്ള യാത്രക്കാർ അപ്പോൾ അയാളെ ആദരവോടെ നോക്കി"

ആദരവോടെ നോക്കാൻ കാരണം എന്ത് ?

a) റേഡിയോ വാങ്ങാൻ പോകുന്നുവെന്ന് പറഞ്ഞതിനാൽ

b) സഹതാപം കൊണ്ട്

c) നല്ല തയ്യൽക്കാരനായതിനാൽ

d) റേഡിയോ പണയമെടുത്തതിനാൽ

***